# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3949** | **12/12/2018-ൽ മറുപടിക്ക്**

### എച്ച് വൺ എൻ വൺ പ്രതിരോധ പ്രവർത്തനങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് എച്ച് വൺ എൻ വൺ പനി ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; | **എ)** എച്ച് വൺ എൻ വൺ രോഗബാധ സംശയിക്കുന്നവരുടെ ശരീരസ്രവ പരിശോധനകൾ ആലപ്പുഴ എൻ.ഐ.വി, മണിപ്പാൽ എം.സി.വി.ആർ എന്നിവിടങ്ങളിൽ അയച്ച് പരിശോധിക്കുന്നുണ്ട്. സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും സ്ഥിതിവിവരക്കണക്കുകൾ ദിവസേനയും, പ്രതിവാരവും വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എച്ച്1 എൻ1 മരുന്നായ ഒസൽട്ടാമിവിർ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ചികിത്സാ മാർഗ്ഗരേഖ (എ.ബി.സി ഗൈഡ് ലൈൻ) വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ ഡോക്ടർമാരുടെ സംഘടനകൾക്കും ഇവ പ്രചരിപ്പിക്കുവാൻ വേണ്ടി അയച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ ജനങ്ങളുടെ ബോധവത്ക്കരണത്തിനായി ആവശ്യമായ ലഘുലേഖകൾ വിവിധ തലങ്ങളിൽ പ്രിന്റ് ചെയ്ത് നൽകി വരുന്നു. രോഗം ഗുരുതരമാവുകയാണെങ്കിൽ ചികിത്സിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച സമയത്തു തന്നെ മുൻകരുതലെന്നോണം എച്ച്1 എൻ1 രോഗനിർണ്ണയം, ശരിയായ ചികിത്സ എന്നിവയെക്കുറിച്ചുള്ള പരിശീലനം സ്വകാര്യമേഖലയിലെ ഡോക്ടർമാർക്കടക്കം നൽകിയിരുന്നു. നവംബർ മാസത്തിൽ ഉണ്ടായ രോഗ വർദ്ധനവിനെത്തുടർന്ന് 27/11/2018 ന് സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേനാ യോഗം കൂടി ആവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

**ബി)** ഈ വർഷം സംസ്ഥാനത്ത് എച്ച് വൺ എൻ വൺ പനി മൂലം എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

**ബി)** എച്ച് വൺ എൻ വൺ പനി മൂലം സംസ്ഥാനത്ത് ഈ വർഷം ജനുവരി മുതൽ ഡിസംബർ 6 വരെ 40 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സി)** ഈ രംഗത്ത് കൂടുതൽ കാര്യക്ഷമമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**സി)** വിലയിരുത്തിയിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യവകുപ്പ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം ജില്ലാ തലത്തിൽ നടത്തിവരുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മാർഗ്ഗരേഖ (എ.ബി.സി ഗൈഡ്‌ലൈൻ) എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. നവ മാധ്യമങ്ങൾ വഴിയും ഇത് പ്രചരിപ്പിക്കുന്നുണ്ട്. പ്രൈവറ്റ് ഡോക്ടർമാർക്ക് ആവശ്യമായ പരിശീലനം, ഡോക്ടർമാരുടെ വിവിധ സംഘടനകളെ ഉൾപ്പെടുത്തി (ഐ.എം.എ., ഐ.എ.പി, ക്യൂ.പി.എം.പി.എ മുതലായവ) ജില്ലാ-തലത്തിൽ നൽകി വരുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഈ കാര്യങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്കാവശ്യമായ ബോധ-വത്ക്കരണ ഉപാധികൾ സംസ്ഥാന തലത്തിലും, ജില്ലാ തലങ്ങളിലും, പി.എച്ച്.സി/സി.എച്ച്.സി തലത്തിലും ലഭ്യമാക്കി വരുന്നു. എഫ്.എം.റേഡിയോ വഴിയും, മറ്റ് ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെയും ആരോഗ്യ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**